(ബി) നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ടതും സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ളതുമായ സഹകരണ സ്ഥാപനങ്ങളിൽ 14 ജില്ലാ സഹകരണ ബാങ്കുകളിലെയും കേരള സംസ്ഥാന സഹകരണ ബാങ്ക്, കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് കൺസ്യൂമർ ഫെഡറേഷൻ (കൺസ്യൂമർഫെഡ്), കേരള സ്റ്റേറ്റ് ഫെഡറേഷൻ ഓഫ് ഷെഡ്യൂൾഡ് കാസ്റ്റ് ആന്റ് ഷെഡ്യൂൾഡ് ട്രൈബ്സ് ഡെവലപ്മെന്റ് കോ-ഓപ്പറേറ്റീവ് ലിമിറ്റഡ്, കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ഹൗസിംഗ് ഫെഡറേഷൻ ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളുടെ സ്പെഷ്യൽ റൂൾസ് തയ്യാറാക്കി പി.എസ്.സി. അംഗീകരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ സ്പെഷ്യൽ റൂൾസ് പ്രാബല്യത്തിൽ വന്നിട്ടില്ലാത്ത കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് ലിമിറ്റഡ്, കേരള സംസ്ഥാന സഹകരണ മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ്, കേരള സംസ്ഥാന സഹകരണ റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ് എന്നീ സഹകരണ സ്ഥാപനങ്ങളിലെ സ്പെഷ്യൽ റൂൾസ് പി.എസ്.സി.യുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ആയത് സഹകരണ നിയമ ചട്ടവ്യവസ്ഥകൾക്ക് വിധേയമാക്കി അംഗീകരിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സ്പെഷ്യൽ റൂൾസ് തയ്യാറാക്കി പി.എസ്.സി.-ക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിച്ചിട്ടുണ്ട്.

കേപ്പ്-എഞ്ചിനീയറിംഗ് കോളേജുകൾ

107(2308) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേപ്പിന്റെ കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജുകളിൽ നിർദ്ദിഷ്ട മാനദണ്ഡങ്ങൾ പാലിക്കാത്തതിനാൽ 2011 ജൂൺ മുതൽ 2015 നവംബർ വരെയുള്ള കാലഘട്ടത്തിനിടയ്ക്ക് എ.ഐ.സി.റ്റി.ഇ./സർവ്വകലാശാല എന്നിവ കോഴ്സുകൾക്കായി അനുവദിച്ച സീറ്റുകളുടെ എണ്ണത്തിൽ കുറവ് വരുത്തിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം കോളേജുകളിൽ എത്ര സീറ്റുകൾ വീതം കുറവു വരുത്തി; വിശദമാക്കാമോ;

(ബി) സീറ്റുകൾ വെട്ടിക്കുറയ്ക്കുവാനുള്ള സാഹചര്യം ഉണ്ടാകാൻ കാരണമെന്ത്; കേപ്പിന് ഈ സാഹചര്യം ഒഴിവാക്കാൻ കഴിയാതെ പോയതിന് കാരണം വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തലശ്ശേരി - 37 സീറ്റുകൾ.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ എന്നീ തസ്തികകളിലുള്ള അധ്യാപക ജീവനക്കാരുടെ എണ്ണത്തിൽ കുറവുള്ളതുകൊണ്ടാണ് AICTE സീറ്റുകൾ കുറവ് വരുത്തിയത്. 2010-ൽ ഇറങ്ങിയ AICTE-യുടെ ഉത്തരവ് പ്രകാരം അസോസിയേറ്റ് പ്രൊഫസറുടെയും പ്രൊഫസറുടെയും ചുരുങ്ങിയ അടിസ്ഥാന യോഗ്യത Ph.D ആയി ഉയർത്തുകയുണ്ടായി. Ph.D യോഗ്യതയുള്ള അധ്യാപകർ വളരെ കുറവായതുകൊണ്ട് പല തവണ അപേക്ഷ ക്ഷണിച്ചിട്ടും മതിയായ യോഗ്യരായ അപേക്ഷകരെ ലഭിച്ചിട്ടില്ല. ആയത് പരിഹരിക്കുന്നതിനായി യോഗ്യതയുള്ള അധ്യാപകരെ നിയമിക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിച്ചു വരുന്നു.

സംയോജിത സഹകരണ വികസന പദ്ധതി

108(2309) ശ്രീ. അൻവർ സാദത്ത് :
ശ്രീ. വർക്കല കഹാർ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ സംയോജിത സഹകരണ വികസന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതിയുടെ നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഒരു പ്രദേശത്തിന്റെ സമഗ്ര വികസനം സഹകരണ സംഘങ്ങളിലൂടെ എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സംയോജിത സഹകരണ വികസന പദ്ധതി (ഐ.സി.ഡി.പി.). സഹകരണ സംഘങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ (ഓഫീസ് കെട്ടിടം, ഗോഡൗൺ, ഫർണിച്ചർ, കമ്പ്യൂട്ടർ, സേഫ് ഡെപ്പോസിറ്റ് ലോക്കർ, കൗണ്ടർ, സ്റ്റോറേജ് റൂം) തുടങ്ങിയവ പുതുതായി നിർമ്മിക്കുന്നതിനും കാർഷികവും അനുബന്ധ മേഖലകളിലുള്ള ഉത്പാദനം, സംസ്കരണം, വിപണനം എന്നിവയുടെ വികസനത്തിനും നിലവിലുള്ള വ്യാപാരം ശക്തിപ്പെടുത്തുന്നതിനും സഹകരണ മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരുടെ മാനവ വിഭവശേഷി വികസനത്തിനുള്ള പരിശീലനം നൽകുക എന്നീ ലക്ഷ്യങ്ങളാണ് സംയോജിത സഹകരണ വികസന പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly